നം.ഇ.എക്സ്.സി.ജനറൽ1/39200/2019/സി.ജി.ഇ

പരീക്ഷാകമ്മീഷണറുടെ കാര്യാലയം,
പരീക്ഷാഭവൻ, പൂജപ്പുര,
തിരുവനന്തപുരം, തീയതി: 20/03/2020.

**പൊതുവിദ്യാഭ്യാസഡയറക്ടർ,**
തിരുവനന്തപുരം.

**എല്ലാആർ.ഡി.ഡി (ഹയർസെക്കണ്ടറി)/എ.ഡി (വൊക്കേഷണൽഹയർസെക്കണ്ടറി)/ ജില്ലാവിദ്യാഭ്യാസഓഫീസർമാർക്കും.**

സർ,

വിഷയം:-പൊതുവിദ്യാഭ്യാസം - എസ്.എസ്.എൽ.സി /ഹയർസെക്കണ്ടറി/ വൊക്കേഷണൽഹയർസെക്കണ്ടറി പരീക്ഷ മാർച്ച്2020 - നടത്തിപ്പ് സംബന്ധിച്ച്.

സംസ്ഥാനത്ത് എസ്.എസ്.എൽ.സി/ഹയർസെക്കണ്ടറി/ വൊക്കേഷണൽ ഹയർ സെക്കണ്ടറി പൊതുപരീക്ഷകൾ മാറ്റിവച്ചിരിക്കുന്നു. ഈ സാഹചര്യത്തിൽ എസ്.എസ്.എൽ.സി പൊതുപരീക്ഷകൾക്കായി നിയോഗിക്കപ്പെട്ടിരിക്കുന്ന ചീഫ്സൂപ്രണ്ടുമാരും (അൺഎയ്ഡഡ്സ്കൂൾ), എല്ലാ ഡെപ്യൂട്ടി ചീഫ് സൂപ്രണ്ടുമാരും, ഇൻവിജിലേറ്റേഴ്സും പരീക്ഷാ ഡ്യൂട്ടിയ്ക്കായി നിയോഗിക്കപ്പെട്ടിരിക്കുന്ന പരീക്ഷാ കേന്ദ്രങ്ങളിൽ നിന്ന് റിലീവ് ചെയ്യേണ്ടതും, മാതൃവിദ്യാലയത്തിൽ തിരികെ ജോലിയിൽ പ്രവേശിക്കേണ്ടതുമാണ്. ഹയർ സെക്കണ്ടറി/വൊക്കേഷണൽ ഹയർ സെക്കണ്ടറി പൊതു പരീക്ഷകൾക്ക് നിയോഗിക്കപ്പെട്ടിരിക്കുന്ന ചീഫ് സൂപ്രണ്ടുമാരും, ഡെപ്യൂട്ടി ചീഫ് സൂപ്രണ്ടുമാരും തൽസ്ഥാനത്ത് തുടരേണ്ടതും, ഇൻവിജിലേറ്റേഴ്സ് പരീക്ഷാ കേന്ദ്രത്തിൽ നിന്ന് റിലീവ് ചെയ്ത് മാതൃവിദ്യാലയത്തിൽ തിരികെ ജോലിയിൽ പ്രവേശിക്കേണ്ടതുമാണ്.

പരീക്ഷാ തീയതികൾ പുതുക്കി നിശ്ചയിക്കുമ്പോൾ മാതൃസ്കൂളിൽ നിന്നും റിലീവ് ചെയ്ത് പരീക്ഷാകേന്ദ്രങ്ങളിലേക്ക് നിലവിലുള്ള നിയമന ഉത്തരവ് പ്രകാരം തന്നെ പരീക്ഷാ ഡ്യൂട്ടി നിർവ്വഹിക്കുവാൻ ബന്ധപ്പെട്ട എല്ലാ അദ്ധ്യാപകർക്കും മേലധികാരികൾ നിർദ്ദേശം നൽകേണ്ടതാണ്.

വിശ്വസ്തതയോടെ,

**പൊതുവിദ്യാഭ്യാസഡയറക്ടർ**

പകർപ്പ്:-

1. എല്ലാ ചീഫ് സൂപ്രണ്ടുമാർക്കും (ബന്ധപ്പെട്ട ആർ.ഡി.ഡി/എ.ഡി/ജില്ലാവിദ്യാഭ്യാസ ഓഫീസർമാർ മുഖേന)
2. എല്ലാവിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും